# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.91/PR/PIC/PHQ/17 Date : 06.05.2017

---

## പുതിയ സംസ്ഥാന പോലീസ് മേധാവിയായി ടി.പി. സെൻകുമാർ ചുമതലയേറ്റു

പുതിയ സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി.പി. സെൻകുമാർ ചുമതലയേറ്റു. പോലീസ് ആസ്ഥാനത്ത് വൈകിട്ട് 04.30 ന് ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച ശേഷം ചുമതലയൊഴിയുന്ന സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയിൽ നിന്നും അദ്ദേഹം ചുമതല ഏറ്റുവാങ്ങി.

ജനങ്ങൾക്കും സർക്കാരിനും നല്ല കാര്യങ്ങൾ ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുമെന്ന് ചുമതലയേറ്റ ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. മേഖലാ യോഗങ്ങളിൽ മുഖ്യമന്ത്രി നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളും. സ്ത്രീസുരക്ഷ വർദ്ധിപ്പിക്കുന്നതിനും ഗതാഗത അപകടങ്ങൾ കുറയ്ക്കുന്നതിനും മുൻഗണന നൽകും. എല്ലാ തരത്തിലുമുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും എല്ലാ കാര്യത്തിലും നിയമപരമായ നടപടികൾ ഉറപ്പുവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

**********